REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ ലോക്സഭയിൽ ഇന്ന് പ്രത്യേക ചർച്ച.**
- **പരമാധികാരത്തിന് നേരെയുണ്ടാകുന്ന ആക്രമണത്തോട് ഇന്ത്യ എങ്ങനെ പ്രതികരിക്കുമെന്ന് ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകത്തെ ബോധ്യപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **വയനാട് തുരങ്കപാതയുടെ നിർമ്മാണം ഓണത്തോട് അനുബന്ധിച്ച് ആരംഭിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ്.**
- **ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം.**
- **സംസ്ഥാനത്ത് മറ്റന്നാൾ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.**
- **ഇന്ത്യ - ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റ് സമനിലയിൽ.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ ലോക്സഭയിൽ ഇന്ന് പ്രത്യേക ചർച്ച ആരംഭിക്കും. പഹൽഗാം ഭീകരാക്രമണവും അതിനോട് ഇന്ത്യ പ്രതികരിച്ച ഓപ്പറേഷൻ സിന്ദൂറും പാർലമെന്റ് വർഷകാല സമ്മേളനത്തിൽ ചർച്ച ചെയ്യുമെന്ന് നേരത്തെ പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചിരുന്നു. ലോക് സഭാ സ്പീക്കർ ഓം ബിർളയുടെ അധ്യക്ഷതയിൽ

ചേർന്ന ബിസിനിസ് അഡ്വൈസറി കമ്മിറ്റിയാണ് ലോക്സഭയിൽ ഈ വിഷയത്തിൽ 16 മണിക്കൂർ ചർച്ചയ്ക്ക് തീരുമാനിച്ചത്.

രാജ്യസഭയിൽ നാളെ വിഷയം ചർച്ച ചെയ്യും. അവിടെയും 16 മണിക്കൂറാണ് പ്രത്യേക ചർച്ചയ്ക്ക് സമയം നിശ്ചയിച്ചിരിക്കുന്നത്.

✪✪✪

പരമാധികാരത്തിന് നേരെയുണ്ടാകുന്ന ആക്രമണത്തോട് രാജ്യം എങ്ങനെ പ്രതികരിക്കുമെന്ന് ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ ലോകത്തിന് കാണിച്ചുകൊടുത്തതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇന്ത്യയെ ലക്ഷ്യമിടുന്ന ശത്രുക്കൾക്കും ഭീകരപ്രവർത്തകർക്കും ഒരിടത്തും സുരക്ഷിതസ്ഥാനമില്ലെന്ന് ഓപ്പറേഷൻ സിന്ദൂർ തെളിയിച്ചതായും അദ്ദേഹം തമിഴ്നാട്ടിലെ ഗംഗൈകൊണ്ട ചോളപുരത്ത് പറഞ്ഞു. ചോള ചക്രവർത്തി രാജേന്ദ്ര ചോളൻ ഒന്നാമന്റെ ജന്മവാർഷികാഘോഷവേളയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഓപ്പറേഷൻ സിന്ദൂർ രാജ്യത്തിന് പുതിയ ആത്മവിശ്വാസം നൽകി. രാജ്യത്തിന്റെ പരമാധികാരത്തിനും സുരക്ഷയ്ക്കുമെതിരെ ഏത് വെല്ലുവിളി ഉയർന്നാലും ശക്തമായി പ്രതികരിക്കുമെന്ന സന്ദേശമാണ് ദൗത്യത്തിലൂടെ രാജ്യം ലോകത്തിന് നൽകിയതെന്ന് നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ മൻസാദേവി ക്ഷേത്രത്തിൽ ഇന്നലെ ഉണ്ടായ തിക്കിലും തിരക്കിലും എട്ടുപേരാണ് മരിച്ചതെന്ന് പൊലീസ് അറിയിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയും അപകടത്തിൽ അതിയായ ദുഃഖം അറിയിച്ചു. സംഭവത്തിൽ മജിസ്ട്രേറ്റ് തല അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

✪✪✪

ഛത്തീസ്ഗഡിൽ അറസ്റ്റ് ചെയ്ത മലയാളി കന്യാസ്ത്രീകൾക്ക് നീതി ലഭിക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. കോൺവെന്റിൽ ജോലിക്ക് എത്തിയവരെ കൂട്ടി വരാൻ ഛത്തീസ്ഗഡിലെ ദുർഗ്ഗ് റെയിൽവേ സ്റ്റേഷനിൽ എത്തിയ സിസ്റ്റർ വന്ദനാ ഫ്രാൻസിസ് , പ്രീതി എന്നിവരെ പൊലീസ് കസ്റ്റഡിയിൽ എടുക്കുകയായിരുന്നുവെന്ന് മുഖ്യമന്ത്രി കത്തിൽ പറഞ്ഞു.

ഇവരെ കസ്റ്റഡിയിൽ എടുത്ത ശേഷം ആശയവിനിമയം നടത്താൻ കഴിഞ്ഞിട്ടില്ലെന്ന് ബന്ധുക്കൾ പരാതി നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി കത്തിൽ അറിയിച്ചു.

✪✪✪

വയനാട് തുരങ്കപാതയുടെ നിർമ്മാണം ഓണത്തോട് അനുബന്ധിച്ചാരംഭിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. 2134 കോടി രൂപ തുരങ്ക പാതയ്ക്കായി ചെലവഴിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. തുരങ്ക പാത യാഥാർത്ഥ്യമാകുന്നതോടെ വയനാട്-കോഴിക്കോട് ദൂരം കുറയുകയും കർണാടക യാത്ര എളുപ്പമാവുകയും ചെയ്യും. വിനോദ സഞ്ചാരികൾക്ക് വന്നുപോകാൻ സർക്യൂട്ട് ആയി മാറുന്നതോടെ നാടിന്റെ സമൂഹ്യ- സാമ്പത്തിക- സാംസ്കാരിക മേഖലകളിലെ മാറ്റത്തിന് വഴി തെളിയുമെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട് പുല്ലൂരാംപാറയിൽ മലബാർ റിവർ ഫെസ്റ്റിവൽ ജേതാക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയായിരുന്നു മുഹമ്മദ് റിയാസ്.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകൾ പൂർണ്ണമായി അട്ടിമറിക്കപ്പെട്ട അവസ്ഥയിലാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. തിരുവനന്തപുരം അടക്കം നഗരസഭകളിലും ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും വാർഡ് വിഭജനത്തിലും വോട്ടർ പട്ടികയിലും ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. പരാതികൾ കാര്യമായി പരിഗണിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറായിട്ടില്ലെന്നും രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. ഈ സാഹചര്യത്തിൽ കോടതികളെ സമീപിക്കേണ്ട അവസ്ഥയാണെന്നും രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം. കരളിനെ ബാധിക്കുന്ന ഹെപ്പറ്റൈറ്റിസിനെതിരെ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ജൂലൈ 28 ലോക ഹെപ്പറ്റൈറ്റിസ് ദിനമായി ആചരിക്കുന്നത്. കരൾവീക്കവും അനുബന്ധ മഞ്ഞപ്പിത്ത രോഗങ്ങളുമായി ബന്ധപ്പെട്ട സാമൂഹ്യ - സാമ്പത്തിക - പ്രതിബന്ധങ്ങൾ തിരിച്ചറിയാനും ഇല്ലാതാക്കാനും ഒരുമിച്ച് നിൽക്കാമെന്ന ആശയത്തിലാണ് ഈ വർഷത്തെ ദിനാചരണം.

✪✪✪

ലോക പ്രകൃതി സംരക്ഷണ ദിനവും ഇന്നാചരിക്കുന്നു. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം പകരുകയെന്ന ലക്ഷ്യത്തോടെയാണ് ദിനാചരണം.

ദിനാചരണത്തോടനുബന്ധിച്ച് കോഴിക്കോട് ജില്ലാ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കുറ്റിക്കാട്ടൂർ AWH കോളജിൽ രാവിലെ ബോധവൽക്കരണ ക്ലാസും വൃക്ഷത്തൈ നടലും സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് മറ്റന്നാൾ വരെ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. മറ്റന്നാൾ വരെ ചിലയിടങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കാലവർഷത്തിന് ശക്തി കുറയുന്നതായി വിലയിരുത്തുന്നുണ്ടെങ്കിലും കേരള - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് വ്യാഴാഴ്ച വരെയും, മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

കുട്ടനാട് താലൂക്കിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും ട്യൂഷൻ സെൻററുകൾക്കും ഇന്ന് ജില്ലാ കളക്ടർ അവധി നൽകി. നേരത്തെ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല. മേഖലയിൽ മിക്കയിടത്തും രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടുന്ന സാഹചര്യത്തിലാണ് അവധി.

✪✪✪

പത്തനംതിട്ട, നെല്ലിക്കൽ തൃക്കണ്ണപുരം പുഞ്ചപ്പാടത്ത് മീൻ പിടിക്കാനിറങ്ങിയ രണ്ടു യുവാക്കൾ ഇന്നലെ വൈകിട്ട് വെള്ളക്കെട്ടിൽ വീണ് മരിച്ചു. ഒരാളെ കാണാതായി. നെല്ലിക്കൽ മാരിപറമ്പിൽ മിഥുൻ, കിടങ്ങന്നൂർ ചാങ്ങച്ചേത്ത് രാഹുൽ C. നാരായണൻ എന്നിവരാണ് മരിച്ചത്. നെല്ലിക്കൽ മാരിപറമ്പിൽ ദേവൻ എന്ന യുവാവിനെയാണ് കാണാതായത്.

വെള്ളം നിറഞ്ഞ പാടത്ത് വല വീശുന്നതിനിടെ വള്ളം മറിഞ്ഞായിരുന്നു അപകടം.

കാണാതായ ദേവനു വേണ്ടി സ്കൂബ ഡൈവിങ് സംഘവും അഗ്നി രക്ഷാസേനയും പൊലീസും തിരച്ചിൽ നട ത്തി. രാവിലെ തിരച്ചിൽ പുനരാരംഭിക്കും.

✪✪✪

ഇടുക്കി കാഞ്ഞാർ - പുള്ളിക്കാനം - വാഗമൺ റൂട്ടിലെ ചാത്തൻപാറയിൽ നിന്നും യുവാവ് കൊക്കയിലേക്ക് വീണു. നൂറടിയിലേറെ താഴ്ച്ചയിലേക്ക് വീണ

യുവാവിനെ സാരമായ പരിക്കുകളോടെ പുറത്തെത്തിച്ചു. തൊടുപുഴ വെങ്ങല്ലൂർ സ്വദേശി വിഷ്ണു എസ്. നായരാണ് അപകടത്തിൽപ്പെട്ടത്.

കഴിഞ്ഞ വ്യാഴാഴ്ച്ച ഇതേ കൊക്കയിൽ വീണ് എറണാകുളം തോപ്പുംപടി സ്വദേശി തോബിയാസ് ചാക്കോ എന്നയാൾ മരിച്ചിരുന്നു. സംരക്ഷണ വേലിയില്ലാത്ത ചാത്തൻപാറയിൽ നിന്ന് വീണ് ഇതുവരെ അഞ്ച് പേർ മരിച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റ് സമനിലയിൽ. ടെസ്റ്റിന്റെ അവസാന ദിനത്തിൽ ഇന്നലെ നാലു വിക്കറ്റ് നഷ്ടത്തിൽ 425 റൺസെടുത്താണ് ഇന്ത്യ ഇംഗ്ലണ്ടിനെ സമനിലയിൽ തളച്ചത്. 101 റൺസെടുത്ത വാഷിങ്ടൺ സുന്ദറും, 107 റൺസെടുത്ത രവീന്ദ്ര ജഡേജയുമാണ് ഇംഗ്ലണ്ടിനെതിരെ മികച്ച പ്രതിരോധം തീർത്ത് ടെസ്റ്റിനെ സമനിലയിലേക്ക് എത്തിച്ചത്. ക്യാപ്റ്റനായി സ്ഥാനമേറ്റ് അരങ്ങേറ്റ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിൽ നാല് സെഞ്ചുറിയെന്ന പുതിയ റെക്കോഡ് ശുഭ്മാൻ ഗിൽ സ്വന്തമാക്കി.

✪✪✪

ഫിഡെ വനിതാ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ വിജയിയെ തീരുമാനിക്കാൻ റാപിഡ്, ബ്ലിറ്റ്സ് ടൈ ബ്രേക്കർ മത്സരങ്ങൾ ഇന്ന്. ഇന്ത്യൻ താരങ്ങളായ ഗ്രാന്റ് മാസ്റ്റർ കൊനേരു ഹംപിയും ഇന്റർനാഷണൽ മാസ്റ്റർ ദിവ്യ ദേശ്മുഖും ക്ലാസിക്കൽ ഗെയിമുകളിൽ തുല്യത പാലിച്ചതിനെ തുടർന്നാണ് റാപിഡ് മത്സരം. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.35ന് ജോർജ്ജിയയിലെ ബറ്റുമിയിൽ മത്സരം തുടങ്ങും. രണ്ട് മത്സരങ്ങളിലും തുല്യത പാലിച്ച ഹംപിക്കും ദിവ്യക്കും നിലവിൽ ഓരോ പോയിന്റ് ലഭിച്ചിട്ടുണ്ട്.

✪✪✪

മൂന്ന് ദിവസങ്ങളിലായി കോഴിക്കോട് കോടഞ്ചേരി പുലിക്കയത്തും പുല്ലൂരാംപാറയിലും സംഘടിപ്പിച്ച അന്താരാഷ്ട്ര കയാക്കിങ് ഫെസ്റ്റിവൽ - മലബാർ റിവർ ഫെസ്റ്റിവലിന്റെ പതിനൊന്നാം പതിപ്പ് സമാപിച്ചു.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്.......

കയാക്കിംഗ് റാപ്പിഡ് വിഭാഗത്തിൽ ന്യൂസിലാന്റ് സ്വദേശികൾ വിജയികളായി. റെയാൻ O. കൊന്നോറാണ് റാപ്പിഡ് രാജാവ്. റാപ്പിഡ് റാണിയായി റാട്ട ലോവൽ സ്മിത്തിനേയും തെരഞ്ഞെടുത്തു. ഇന്ത്യൻ കയാക്കർമാർക്ക് നൽകുന്ന ഇന്ത്യൻ ബെസ്റ്റ് പാഡിലേഴ്സ് അവാർഡിന് അർജുൻസിംഗ് റാവത്ത്

അർഹനായി. കേരളത്തിൽ നിന്ന് മികച്ച പാഡ്ലേഴ്സായി അക്ഷയ് അശോക്, ആദം മാത്യു സിബി, നിഖിൽ ദാസ് , സുധാകർ ദാസ് ജന, റയാൻ വർഗീസ്, ഡോണ മാർസല്ല, E-സ്വാലിഹ എന്നിവരെ തെരഞ്ഞെടുത്തു. അണ്ടർ -18 പുരുഷ വിഭാഗത്തിൽ അനക്, ആദം മാത്യു സിബി എന്നിവർക്കും വനിതാ വിഭാഗത്തിൽ കരിഷ്മാ ദിവാനും പ്രത്യേക ക്യാഷ് അവാർഡ് നൽകി.

✪✪✪

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ 8000 പേരെ സാക്ഷരരാക്കാൻ നടപടി ആരംഭിച്ചു.

കണ്ണൂർ ജില്ലാ പ്രതിനിധി KO. ശശിധരന്റെ റിപ്പോർട്ട്.

.... വോയ്സ്....

നിലവിൽ ജില്ലയിലെ സാക്ഷരതാ നിരക്ക് 97.8 ശതമാനമാണ്. ഇത് 100 ലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നത്. 15 വയസ്സിന് മുകളിലുള്ള നിരക്ഷരരെ ്പഠിതാക്കളായി കണ്ടെത്തും. പ്രായമായവരെയും ക്ലാസിൽ പോകാൻ കഴിയാത്തവരെയും വീടുകളിലെത്തി പരിശീലിപ്പിക്കും. 5000 ്ത്തോളം ം എൻ.എസ്.എസ്. വളണ്ടിയർമാരാണ് സാക്ഷരതാ പ്രവർത്തനത്തിന് ഇറങ്ങുക. കണ്ണൂർ സർവ്വകലാശാലയക്ക് കീഴിലെ കോളേജുകളിൽ നിന്നുള്ളവർ സാക്ഷരതാ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. ഇതു സംബന്ധിച്ച് യു.ജി.സി. യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരീക്ഷ എഴുതി വിജയിക്കുന്ന വരക്ക് കേന്ദ്ര സംസഥാന സർക്കാരുകളും എംബ്ലത്തോടെയുള്ള സർട്ടിഫിക്കറ്റ് ലഭിക്കും.

✪✪✪

പാർപ്പിട രംഗത്തും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലും പെരിന്തൽമണ്ണ നഗരസഭയുടെ പ്രവർത്തനം മാതൃകാപരമാണെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. നഗരസഭ ആധുനികരീതിയിൽ പുനർനിർമിച്ച ടൗൺ ഹാൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിനു തന്നെ മാതൃകയായ മാലിന്യ സംസ്കരണ പ്ലാന്റ് നഗരസഭക്കുണ്ടെന്നത് ശ്രദ്ധേയമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

പാലക്കാട്, കോങ്ങാട് 53 ഗ്രാം മെത്താഫെറ്റമിനുമായി മൂന്നു പേരെ പോലീസ് പിടികൂടി. കോഴിക്കോട് സ്വദേശി ആൻസി, മലപ്പുറം സ്വദേശികളായ നൂറ തസ്നി, മുഹമ്മദ് സ്വാലിഹ് എന്നിവരാണ് പിടിയിലായത്. മുണ്ടൂരിലെ പൊരിയാനിയിലാണ് ഇവർ പിടിയിലായത്.

✪✪✪

സംസ്ഥാന സുന്നി യുവജന ഫെഡറേഷൻ സേവന ഗാർഡ് 313 അംഗങ്ങളെ സന്നദ്ധ പ്രവർത്തനത്തിനായി ഇന്നലെ നാടിന് സമർപ്പിച്ചു. ദുരന്തനിവാരണം, ആതുരസേവനം, മാലിന്യ നിർമ്മാർജ്ജനം, ശുചീകരണം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗാർഡുകൾ പ്രവർത്തിക്കും.

✪✪✪

കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം ട്രസ്റ്റിയും തന്ത്രിയുമായ ഇരുവേശി പുടയൂർ അനന്തൻ നമ്പൂതിരി നിര്യാതനായി. 87 വയസ്സായിരുന്നു. മലബാറിലെ മുന്നൂറോളം ക്ഷേത്രങ്ങളിൽ താന്ത്രികസ്ഥാനവും  അദ്ദേഹം വഹിച്ചിരുന്നു. സംസ്കാരം ഇന്ന് ഉച്ച കഴിഞ്ഞ് തളിപ്പറമ്പ് മുയ്യം തറവാട്ട് ശ്മശാനത്തിൽ നടത്തും.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ, ഹബീബ് റഹ്മാൻ*
*DEO: സി കെ സുബോധ്*